**File No.DT/2347/2019-F3**

"ഭരണഭാഷ-മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
നമ്പർ: തീയതി: 11/07/2019

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- ഐടിഐ അഡ്മിഷൻ 2019 -ട്രെയിനികളിൽ നിന്നും പിടിഎ ഫണ്ട് വാങ്ങുന്നത്- നിബന്ധനകൾ - സംബന്ധിച്ച്

സൂചന:- 03.08.2018 ലെ എഫ്3/28383/2017 നമ്പർ സർക്കുലർ

സൂചനയിലെ ട്രെയിനിംഗ് ഡയറക്ടറുടെ സർക്കുലർ പ്രകാരം 2018-19 അധ്യയന വർഷം അഡ്മിഷൻ സമയത്ത് ട്രെയിനികളിൽ നിന്നും വാങ്ങാവുന്ന പിടിഎ ഫണ്ട് സംബന്ധിച്ച് താഴെ പറയും പ്രകാരമുള്ള നിർദേശം എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും നൽകിയിരുന്നു.

രണ്ടു വർഷ കോഴ്സ് പഠിയ്ക്കുന്ന ട്രെയിനികളിൽ നിന്നും പരമാവധി 1250/- രൂപ മാത്രം
ഒരു വർഷ കോഴ്സ് പഠിയ്ക്കുന്ന ട്രെയിനികളിൽ നിന്നും പരമാവധി 1000/- രൂപ മാത്രം
പട്ടിക ജാതി/വർഗ ട്രെയിനികളിൽ നിന്നും യഥാക്രമം 650/-, 500/- രൂപ മാത്രം

കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ട്രെയിനികളിൽ നിന്നും സാമ്പത്തിക സ്ഥിതി അനുസരിച്ചു ആവശ്യമെങ്കിൽ തുകയിൽ ഇളവ് നൽകാവുന്നതാണ്. കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി ചില ഐടിഐകളിൽ ട്രെയ്നികൾക്ക് വിതരണം നടത്തുന്നതായി കാണുന്ന നോട്ട് ബുക്കുകൾ, പുസ്തകങ്ങൾ തുടങ്ങിയവ അഡ്മിഷൻ സമയത്ത് വിതരണം നടത്താതിരിക്കുകയും, ട്രെയ്നികൾക്ക് നിർബന്ധമാക്കാതിരിക്കുകയും ചെയ്യേണ്ടതാണ്.

എന്നാൽ പല പ്രിൻസിപ്പാൾമാരും മേൽ നിർദ്ദേശം കർശനമായി പാലിക്കുന്നതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ, 2019 ജൂലൈയിൽ ആരംഭിക്കുന്ന അഡ്മിഷനിൽ സൂചന സർക്കുലറിലെ നിബന്ധനങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ടി നിബന്ധന പാലിക്കാത്ത പ്രിൻസിപ്പാൾമാരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

CHANDRASEKAR S
DIRECTOR OF TRAINING
**ട്രെയിനിംഗ് ഡയറക്ടർ**

പകർപ്പ്: എല്ലാ ഐ ടി ഐ പ്രിൻസിപ്പാൾമാർക്കും
എല്ലാ ട്രെയിനിംഗ് ഇൻസ്ട്രക്ടർമാർക്കും

//അംഗീകാരത്തോടെ//
ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റിസ്ഷിപ്പ് അഡ്വൈസർ